Jesus Youth RECOMMITMENT DAY

## ജീസസ് യൂത്ത് സമർപ്പണ പ്രാർത്ഥന ദിനം നയിക്കുന്നതിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ

1) ജീസസ് യൂത്ത് പുനരർപ്പണ പ്രാർത്ഥനയ്ക്ക് എട്ട് ഘട്ടങ്ങളാണുള്ളത്. (പ്രാരംഭ പ്രാർത്ഥന, സങ്കീർത്തനം, ദൈവവചനം, വചനവിചിന്തനം, ജീസസ് യൂത്ത് സമർപ്പണ പ്രതിജ്ഞ, പ്രതിവചന സങ്കീർത്തനം, മദ്ധ്യസ്ഥ പ്രാർത്ഥന, സമാപന പ്രാർത്ഥന).

2) പ്രാർത്ഥനപൂർവ്വം ജീസസ് യൂത്ത് സമർപ്പണ ദിന ശുശ്രൂഷകൾ നടത്താൻ ശ്രമിക്കുക.

3) ഒരു ഗാനത്തോടുകൂടി ശുശ്രൂഷകൾക്ക് തുടക്കമിടുന്നത് ഉചിതമായിരിക്കും.

4) സങ്കീർത്തനാലാപനത്തിന് ശേഷമായിരിക്കും സ്തുതിയുടെയും ആരാധനയുടെയും സമയം.

5) ദൈവവചന വായനയ്ക്ക് ശേഷം (മൂന്നാം ഘട്ടം) വചന വിചിന്തനത്തിനായി എല്ലാവരും ഇരിക്കുന്നു. (നാലാംഘട്ടം). ദിവ്യബലിക്ക് ശേഷമാണ് ജീസസ് യൂത്ത് സമർപ്പണദിന ശുശ്രൂഷകൾ നടക്കുന്നതെങ്കിൽ നിശബ്ദമായി വചനം ധ്യാനിക്കാൻ അവസരം നൽകുക.

   - ജീസസ് യൂത്ത് കമിറ്റ്മെന്റും റീ കമിറ്റ്മെന്റ് പ്രഖ്യാപനവും (ഭാഗം 5)

6) ഈ ഘട്ടത്തിന്റെ തുടക്കത്തിൽ കോർഡിനേറ്റർ സമർപ്പണാർത്ഥികളോട് മുന്നോട്ട് വരുവാൻ ആവശ്യപ്പെടുന്നു. (സമർപ്പണാർത്ഥികളുടെ എണ്ണം വളരെ കൂടുതൽ ആണെങ്കിൽ സമർപ്പണം നടത്തുന്നവർ എഴുന്നേറ്റ് നിൽക്കുകയും മറ്റുള്ളവർ ഇരിക്കുകയും ചെയ്താൽ മതിയാകും.)

7) കാർമ്മികൻ സമർപ്പണാർത്ഥികളോട് നാല് ചോദ്യങ്ങൾ ചോദിക്കുന്നു.

8) തുടർന്ന് കാർമ്മികൻ അൾത്താരയുടെ മുൻപിൽ ഉപവിഷ്ടനാകുന്നു. മുതിർന്ന രണ്ട് നേതാക്കൾ കാർമ്മികന് സമീപം സാക്ഷികളായി നിൽക്കുന്നു.

9) സമർപ്പണാർത്ഥികൾ കാർമ്മികന് മുൻപിൽ നിന്ന് സമർപ്പണദിന പ്രതിജ്ഞയെടുക്കുന്നു. പ്രതിജ്ഞയ്ക്ക് ശേഷം സമർപ്പണാർത്ഥി അൾത്താരയിൽ വച്ച് സമർപ്പണ പത്രത്തിൽ ഒപ്പ് വയ്ക്കുകയും, വ്യക്തി വിവരങ്ങൾ അടങ്ങുന്ന കടലാസ് അൾത്താരയിൽ സമർപ്പിക്കുകയും ചെയ്യുന്നു. മുതിർന്ന ജീസസ് യൂത്ത് നേതാക്കൾ പ്രതിദിന ജീസസ് യൂത്ത് പ്രാർത്ഥന കാർഡ് സമർപ്പണാർത്ഥിക്ക് നൽകുന്നു. (ഗായക സംഘത്തിന് ഈ സമയം ഗാനങ്ങൾ ആലപിക്കാവുന്നതാണ്.)

**ശ്രദ്ധിക്കുക:** ആളുകളുടെ എണ്ണം കൂടുതൽ ആണെങ്കിൽ ഇത് ഗ്രൂപ്പുകളിൽ ചെയ്യാവുന്നതാണ്.

- കാർമികനും രണ്ടു മുതിർന്ന നേതാക്കളും അൾത്താരയുടെ സമീപം നിൽക്കുന്നു. കമിറ്റ്മെന്റ് എടുക്കുന്നവർ എഴുന്നേറ്റു നിൽക്കുന്നു.
- കമിറ്റ്മെന്റ് എടുക്കുന്നവർ പ്രഖ്യാപനം ഒന്നിച്ചു വായിക്കുന്നു. തുടർന്ന്, അതിൽ ഓരോരുത്തരും ഒപ്പുവയ്ക്കുന്നു.
- ഓരോരുത്തരായി അൾത്താരയുടെ സമീപത്തേയ്ക്ക് വന്ന് പ്രഖ്യാപനത്തിൽ തങ്ങളുടെ വ്യക്തിഗത വിവരങ്ങൾ എഴുതിയ ഭാഗം അവിടെ സമർപ്പിക്കുന്നു. (ഈ സമയം ഗാന ശുശ്രൂഷകർ യോജിച്ച ഗാനം ആലപിക്കുന്നു.)
- അൾത്താര സമീപം നിൽക്കുന്ന മുതിർന്ന ജീസസ് യൂത്ത് നേതാക്കൾ ഓരോരുത്തർക്കും ജീസസ് യൂത്ത് അനുദിന പ്രാർത്ഥനാ കാർഡ് നൽകുന്നു.

**പ്രത്യേകം ശ്രദ്ധിക്കുക:** റീ കമിറ്റ്മെന്റ് എടുക്കുന്നതി 6–9 വരെയുള്ള നിർദ്ദേശങ്ങൾ ആവർത്തിക്കുക. ആളുകളുടെ എണ്ണം കൂടുതൽ ആണെങ്കിൽ അത് ഗ്രൂപ്പുകളിൽ ചെയ്യാവുന്നതാണ്.

10) സമർപ്പണ പുനർപ്പണ പ്രതിജ്ഞയെടുത്ത ആളുകൾ പൂരിപ്പിച്ച ഷീറ്റ് അൾത്താരയിൽ സമർപ്പിച്ച് സ്വസ്ഥാനങ്ങളിൽ തിരിച്ചെത്തുന്നു. തുടർന്ന് കാർമ്മികൻ സമർപ്പണ പ്രതിജ്ഞയെടുത്തവർക്കായി പ്രാർത്ഥിക്കുന്നു.

- അഞ്ചാംഘട്ടത്തിലെ ലിറ്റർജി ഭാഗം കമിറ്റ്മെന്റ് / റി കമിറ്റ്മെന്റ് എടുക്കുന്ന ആളുകൾക്ക് വേണ്ടി പ്രത്യേകം ചെയ്യുന്നു. തുടർന്നുള്ള ശുശ്രൂഷകൾ പൊതുവിൽ ചെയ്യാവുന്നതാണ്.

11) എല്ലാവരും എഴുന്നേറ്റ് നിന്ന് പ്രതിവചന സങ്കീർത്തനം, പരിശുദ്ധാത്മാവിനോടുള്ള പ്രതിഷ്ഠാജപം (മുട്ടിൻമേൽ നിന്നും ചൊല്ലാവുന്നതാണ്), പരിശുദ്ധാത്മാവിന്റെ ലുത്തിനിയ എന്നിവ ചൊല്ലുന്നു.

12) മധ്യസ്ഥപ്രാർത്ഥനയും സമാപന പ്രാർത്ഥനയും ചൊല്ലി സമാപനഗാനത്തോടെ ശുശ്രൂഷകൾ അവസാനിക്കുന്നു.

**സമർപ്പണദിനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

a) സമർപ്പണദിന പ്രാർത്ഥനകൾ എല്ലാവർക്കുമായി പ്രിന്റ് ചെയ്യണമെന്നില്ല. പ്രാർത്ഥനാക്രമം പൊതുവായി പ്രദർശിപ്പിക്കാനാകുമെങ്കിൽ കൂടുതൽ നല്ലത്.

b) എല്ലാവർക്കും ലഭിക്കത്തക്ക എണ്ണം സമർപ്പണപ്രതിജ്ഞകൾ പ്രിന്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

c) പ്രതിജ്ഞാപത്രത്തിന് രണ്ട് ഭാഗങ്ങളാണുള്ളത്

- അൾത്താരയിൽ സമർപ്പിക്കുന്നതിനായി വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തിയ ഭാഗം

- സമർപ്പണത്തിന്റെ ഓർമ്മക്കായി ഒപ്പുവച്ച പ്രതിജ്ഞാപത്രം അവർ കൈവശം വയ്ക്കുന്നു.

d) ജീസസ് യൂത്ത് അനുദിന പ്രാർത്ഥനാ കാർഡുകൾ ആവശ്യത്തിന് ഉണ്ടെന്ന് ഉറപ്പുവരുത്തുക. മുൻവർഷങ്ങളിൽ കമിറ്റ്മെന്റ് എടുത്തവരുടെ പക്കൽ പ്രയർ കാർഡ് ഉണ്ടെങ്കിൽ കൊടുക്കേണ്ടതില്ല. പുതിയതായി കമ്മിറ്റ്മെന്റ് എടുക്കുന്നവർക്ക് പ്രയർ കാർഡ് ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.

e) കോർഡിനേറ്റർമാർ അൾത്താരയിൽ സമർപ്പിക്കപ്പെട്ട വ്യക്തിഗത വിവരങ്ങൾ ശേഖരിച്ച് നൽകിയിരിക്കുന്ന ഓൺലൈനിൽ സ്പ്രെഡ്ഷീറ്റിൽ രേഖപ്പെടുത്തുകയും ചെയ്യുക.

f) ജീസസ് യൂത്ത് സമർപ്പണദിന പ്രാർത്ഥനാക്രമം, പ്രതിജ്ഞ, ജീസസ് യൂത്ത് അനുദിന പ്രാർത്ഥന, തുടങ്ങിയവ ജീസസ് യൂത്ത് പ്രയർ ആപ്പിലും വെബ്സൈറ്റിലും ലഭ്യമാണ്.

g) സമർപ്പണം നടത്തിയ ഓരോരുത്തരുടെയും കൈവശം ഒപ്പ് വച്ച സമർപ്പണ പത്രവും ജീസസ് യൂത്ത് അനുദിന പ്രാർത്ഥനാകാർഡും ഉണ്ടെന്ന് ഉറപ്പുവരുത്തുക.